LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി കോളനികളുടെ വികസനത്തിനായി പദ്ധതി

213 (2422) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി കോളനികളുടെ വികസനത്തിനായി പ്രഖ്യാപിച്ച സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതിയുടെ വിശദാംശം അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി ലക്ഷ്യം നേടിയില്ലെങ്കിൽ അതിന്റെ കാരണം അവലോകനം ചെയ്തിട്ടുണ്ടോ ;

ഉത്തരം

(എ) 2009- 10 വർഷം പട്ടികജാതി വികസന വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) എന്നിവ സംയുക്തമായി സംഘടിപ്പിച്ച സർവ്വേ റിപ്പോർട്ട് പ്രകാരം കണ്ടെത്തിയതും അമ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ പട്ടികജാതി കോളനികളിൽ പരമാവധി ഒരു കോടി രൂപ വിനിയോഗിച്ച് സമഗ്ര വികസന പ്രവർത്തനങ്ങൾ നടത്തുന്നത പദ്ധതിയാണ് സ്വയം പര്യാപ്ത ഗ്രാമം. ഇതിനായി 2012-13 സാമ്പത്തിക വർഷം 113 കോളനികളെയും 2013-14 സാമ്പത്തിക വർഷം 103 കോളനികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. സ്ഥലം എം.എൽ.എ./ എം.പി. എന്നിവരാണ് കോളനികൾ ശിപാർശ ചെയ്യുന്നത്. വിവിധ വികസന പ്രവർത്തനങ്ങൾ സർക്കാർ അംഗീകൃത ഏജൻസികൾവഴി നടപ്പാക്കി വരുന്നു.

(ബി) തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ വകുപ്പുതലത്തിലും, ജില്ലാ തലത്തിലും കളക്ടർ തലത്തിലും അവലോകനം നടത്തി വരുന്നു.

പട്ടികജാതി വിഭാഗങ്ങളുടെ വായ്പകൾ എഴുതിത്തള്ളാൻ നടപടി

214 (2423) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :